# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***( Under the Holy Apostolic See of Antioch and All the East )*** **Reg. No. ER/308/07**

**M.J.S.S.A. HEAD QUARTERS, PUTHENCRUZ - 682 308, KERALA, INDIA**

***General Secretary,***

**CHEV.M.J.MARKOSE**
**MAMALAYIL**
**EZHAKKARNAD P.O.**
**PUTHENCRUZ - 682308**
**MOB. 9745046911**

**Website : www.mjssa.in**
**Email : mjssahq@gmail.com**
**Office Phone & Fax: 0484 -2730150**


**Date : 20.12.2017**

## 3-ാമത് ആത്മദീപം ചിത്രരചന മത്സരം,
## ചെറുകഥാ മത്സരം, ഉപന്യാസ മത്സരം
## 2018 ജനുവരി 21 ന് ഡിസ്ട്രിക്റ്റ് കേന്ദ്രങ്ങളിൽ നടത്തണം

പ്രിയപ്പെട്ട സൺഡേസ്കൂൾ സഹപ്രവർത്തകരെ,

MJSSA യുടെ 3-ാമത് ആത്മദീപം ചിത്രരചനാ മത്സരവും, ചെറുകഥരചന മത്സരവും, ഉപന്യാസരചന മത്സരവും 2018 ജനുവരി 21 ന് അതാത് ഡിസ്ട്രിക്റ്റ് കേന്ദ്രങ്ങളിൽ നടത്തുവാൻ വേണ്ടുന്ന ക്രമീകരണം ചെയ്യുമല്ലോ. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് വേണ്ടുന്ന പ്രോത്സാഹനങ്ങൾ നൽകണം.

അദ്ധ്യാപകരുടെ ഉപന്യാസരചനാ മത്സരം 2018 ജനുവരി 21 ന് 3.30 പി.എം. മുതൽ 4.00 പി.എം. വരെ, സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി കുട്ടികളുടെ ചിത്രരചനാ മത്സരം 2018 ജനുവരി 21 ന് 2.30 പി.എം. മുതൽ 3.30 പി.എം.വരെ വിദ്യാർത്ഥികളുടെ ചെറുകഥരചനാ മത്സരം 3.30 പി.എം. മുതൽ 4.00 പി.എം. വരെ

1. **സബ് ജൂണിയേഴ്സ്** : 2009 ജനുവരി 1 നോ അതിന് ശേഷമോ ജനിച്ചവർ - കളറിംഗ് മത്സരമായിരിക്കും. ഡ്രോയിംഗ് ഷീറ്റ് നൽകും (വരയ്ക്കുന്നതിനുള്ള ക്രയോൺസ് കൊണ്ടു വരണം)
2. **ജൂണിയേഴ്സ്** : 2005 ജനുവരി 1 നോ അതിനുശേഷമോ ജനിച്ചവർ- ചിത്രരചനയ്ക്കുള്ള വിഷയം മത്സരത്തിന് മുൻപ് നൽകും. വാട്ടർ കളർ ഉപയോഗിക്കണം. വരയ്ക്കുവാനുള്ള ഷീറ്റ് നൽകും (വാട്ടർ കളറും മറ്റ് മെറ്റീരിയൽസും കൊണ്ടു വരണം.)
3. **സീനിയേഴ്സ്** : 2000 ജനുവരി 1 നോ അതിന് ശേഷമോ ജനിച്ചവർ, 2017 ൽ ജെ.എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ റെഗുലർ വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം. ചിത്രരചനയ്ക്കുള്ള വിഷയം മത്സരത്തിന് മുൻപ് നൽകും. വാട്ടർ കളർ ഉപയോഗിക്കണം. വരയ്ക്കുവാനുള്ള ഷീറ്റ് നൽകും (വാട്ടർ കളറും മറ്റ് മെറ്റീരിയൽസും കൊണ്ടു വരണം.)

മുൻ വർഷങ്ങളിലേ പോലെ കുട്ടികളുടെ ആവേശമായ ആത്മദീപം ചിത്രരചന മത്സരം ഭംഗിയായി നടത്തുവാൻ ഡിസ്ട്രിക്റ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ അതാത് ഡിസ്ട്രിക്റ്റ് സെന്ററുകളിൽ നടത്തുവാൻ ക്രമീകരണം ചെയ്യണം. സൺഡേസ്കൂളിൽ നിന്നു ഓരോ വിഭാഗങ്ങളിലും ഫസ്റ്റ്, സെക്കന്റ് നേടിയ രണ്ട് കുട്ടികളെ വീതം പങ്കെടുപ്പിക്കേണ്ടതാണ്. ഡിസ്ട്രിക്റ്റ് തലത്തിൽ ചിത്രരചന മത്സരത്തിൽ ഓരോ വിഭാഗങ്ങളിലും ഫസ്റ്റ്, സെക്കന്റ് സ്ഥാനത്തെത്തുന്ന രചനകൾ 2018 ജനുവരി 30-ാം തീയതിക്കു മുമ്പായി MJSSA കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്.

വിദ്യാർത്ഥികളുടെ ചെറുകഥ രചനാ മത്സരവും അദ്ധ്യാപിക/ അദ്ധ്യാപകർക്കായി ഉപന്യാസ എഴുത്ത് മത്സരവും അന്നേ ദിവസം 3.30 മണി മുതൽ 4.00 വരെ നടത്തണം. 2017 ൽ ജെ.എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ റെഗുലർ വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന എല്ലാവരുടേയും രചനകൾ ജനുവരി 25 ന് മുമ്പായി MJSSA കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ഉപന്യാസരചന, ചെറുകഥ രചന ഇവ എഴുതുവാനുള്ള പേപ്പറുകൾ MJSSAനൽകുന്നതാണ്. നൽകുന്ന പേപ്പർ മാത്രം ഉപയോഗിക്കുക. 2018 ജനുവരി 8-ാം തീയതിക്കകം ഡിസ്ട്രിക്റ്റിൽ നിന്ന് പങ്കെടുക്കുന്നവരുടെ ലിസ്റ്റ് MJSSA കേന്ദ്ര ഓഫിസിലേയ്ക്ക് നൽകിയിരിക്കണം. ഇപ്രകാരം നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കും മത്സരങ്ങൾ നടത്തുക.

മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ മുഖപത്രമായ ആത്മദീപം മാസികയുടെ സർക്കുലേഷൻ പ്രവർത്തനങ്ങൾ ശക്തമായി മുന്നേറുകയാണ്. സൺഡേസ്കൂൾ പ്രവർത്തകരുടെ ആത്മാർത്ഥമായ പരിശ്രമവും ഉത്സാഹവും കൊണ്ട് വാർഷിക സ്കീമിൽ വലിയ വർദ്ധനവ് നമുക്ക് നേടുവാൻ കഴിഞ്ഞു. ആത്മദീപം മാസികയുടെ പ്രചാരണ മാസമായ 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ സൺഡേസ്കൂൾ ഭാരവാഹികളും, ആത്മദീപം ഓർഗനൈസർമാരും, അദ്ധ്യാപകരും, കുട്ടികളും ടീം വർക്കായി ഇടവകകളിലെ കുടുംബങ്ങൾ സന്ദർശിച്ച് വാർഷിക സ്കീമിലും ത്രിവർഷ സ്കീമിലും ലൈഫ് സ്കീമിലും അംഗങ്ങളെ ഉൾപ്പെടുത്തുവാനും നിലവിലുള്ള വരിക്കാരുടെ കാലാവധി പുതുക്കുവാനും പുതുവർഷത്തിൽ 1 മുതൽ-10 വരെ ക്ലാസുകളിലേയ്ക്ക് ചേരുന്ന കുട്ടികളുടെ കുടുംബത്തിനെ ആത്മദീപം വാർഷിക സ്കീമിൽ അംഗങ്ങളാക്കുവാനും ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും ക്രിസ്മസ് പുതുവത്സരാശംസകൾ നേരുന്നു.

### സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ മുഖപത്രമായ ആത്മദീപം മാസികയുടെയും മലയാളത്തിലെ പ്രഥമ ദിനപത്രമായ ദീപികയുടെയും സഹകരണത്തിൽ താഴെ പറയുന്ന സമ്മാനങ്ങൾ നൽകുന്നു.

**ചിത്രരചന** (എല്ലാ വിഭാഗങ്ങൾക്കും)

Ist Prize : ട്രോഫിയും ഒരു വർഷത്തേക്ക് ചിൽഡ്രൻസ് ഡൈജസ്റ്റ് മാസികയും, IInd Prize : ട്രോഫിയും ഒരു വർഷത്തേക്ക് കുട്ടികളുടെ ദീപികയും

IIIrd Prize : ട്രോഫിയും ഒരു വർഷത്തേക്ക് കുട്ടികളുടെ ദീപികയും

**പ്രോത്സാഹന സമ്മാനങ്ങൾ –** 5 പേർക്ക് വീതം ട്രോഫിയും ആറ് മാസത്തേക്ക് കുട്ടികളുടെ ദീപികയും

**ചെറുകഥ –** (വിദ്യാർത്ഥികൾക്കുള്ളത്) താഴെ പറയുന്ന 3 വേദവാക്യങ്ങളിൽ എം.ജെ.എസ്.എസ്.എ. തിരഞ്ഞെടുത്ത് അറിയിക്കുന്ന ഒരു വാക്യത്തിന്റെ ആശയം ഉൾക്കൊണ്ടുകൊണ്ടുള്ള ചെറുകഥ- 1. എന്റെ മകനേ, അനുസരിക്കുക. സദൃശ്യ.23:19, 2. ദൈവമായ കർത്താവ് നിന്നോടു കൂടെ ഉള്ളതുകൊണ്ട് ശക്തിയും ധൈര്യവുമുള്ളവനായിരിക്കുക. യോശുവ.1:9, 3. പ്രാർത്ഥനയിൽ നിനക്കു മടുപ്പു തോന്നരുത്. ബാർ ആസിറേ 7:10

**Ist Prize** : ട്രോഫിയും ഒരു വർഷത്തേക്ക് ചിൽഡ്രൻസ് ഡൈജസ്റ്റ് മാസികയും, **IInd Prize** : ട്രോഫിയും ഒരു വർഷത്തേക്ക് കുട്ടികളുടെ ദീപികയും,

**IIIrd Prize** : ട്രോഫിയും ഒരു വർഷത്തേക്ക് കുട്ടികളുടെ ദീപികയും

**ഉപന്യാസ മത്സരം –** (അധ്യാപകർക്കുള്ളത്) താഴെ പറയുന്ന 3 വിഷയങ്ങളിൽ എം.ജെ.എസ്.എസ്.എ.തിരഞ്ഞെടുത്ത് അറിയിക്കുന്ന ഒരു വിഷയം സംബന്ധിച്ചുള്ള ഉപന്യാസം. 1. ബലവാനേക്കാൾ ഉത്തമൻ ബുദ്ധിമാൻ. സദൃശ്യ 24:3, 2. വർജ്ജ്യമായത് ചെയ്യാതിരിപ്പാൻ നിന്റെ ശക്തിയെ നീ വിലക്കുക. ബാർ ആസീറേ 35:4, 3. നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം. 1 തെസ. 5:18

**Ist Prize** : ട്രോഫിയും ഒരു വർഷത്തേക്ക് സ്ത്രീധനം മാസികയും, **IInd Prize** : ട്രോഫിയും ഒരു വർഷത്തേക്ക് സ്ത്രീധനം മാസികയും

**IIIrd Prize** : ട്രോഫിയും ഒരു വർഷത്തേക്ക് കർഷകൻ മാസികയും

എന്ന്
വിശ്വസ്തതയോടെ

കോര സി. കുന്നുംപുറം
സെക്രട്ടറി

ഷെവ.എം.ജെ.മർക്കോസ്
ജനറൽ സെക്രട്ടറി